ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) വിവരങ്ങൾ തൊഴിൽ വകുപ്പിൽ ലഭ്യമല്ല.

തുണിക്കടകളിലെ വനിതാ ജീവനക്കാരുടെ പ്രശ്നങ്ങൾ

192 (6897) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. പാഡി മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുണിക്കടകളിലെ വനിതാ ജീവനക്കാർ നേരിടുന്ന തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ബി) ഇതിനായി നിയമനിർമ്മാണം കൊണ്ടുവരുന്നകാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇവർ നേരിടുന്ന പീഡനം തടയാൻ എന്തെല്ലാം വ്യവസ്ഥകളാണ് നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) നിയമനിർമ്മാണ പ്രക്രിയയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം സംസ്ഥാന വ്യാപകമായി 2013-14 കാലയളവിൽ 1906 തുണിക്കടകളിൽ സ്കാഡ് ഇൻസ്പെക്ഷനുകൾ നടത്തി തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളും സൗകര്യങ്ങളും ലഭിക്കുന്നുണ്ടോ എന്നു പരിശോധിക്കുകയും പരിശോധനാവേളയിൽ കാണപ്പെട്ട നിയമലംഘനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തുകയുണ്ടായി.

(ബി) തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ-2014 സർക്കാരിന്റെ പരിഗണനയിലാണ്.

(സി) 1961-ലെ കേരളാ ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ഭേദഗതി ചട്ടങ്ങളിൽ തൊഴിലാളികൾക്ക് അവരുടെ എണ്ണത്തിനാനുപാതികമായി ടോയ്റ്റുകൾ ഏർപ്പെടുത്തുന്നതിനും തറച്ചുമടായി എടുക്കാവുന്ന പരമാവധി ഭാരം 75 കി.ഗ്രാമിൽ നിന്നും 55 കി.ഗ്രാം ആയി കുറച്ചുകൊണ്ടും ഭേദഗതി വരുത്താനായിട്ടുള്ള ശിപാർശകൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) കരട് ഭേദഗതി ബിൽ സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly